# സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

**ജവഹർ സഹകരണ ഭവൻ ,ഡി.പി.ഐ ജംഗ്ഷൻ**
**തൈക്കാട് പി.ഒ. വഴുതക്കാട് ,തിരുവനന്തപുരം 695 014**

ഫോൺ :0471-2468690,2468670

വിജ്ഞാപനം: 14/2025

വിജ്ഞാപന തിയ്യതി: 01-08-2025 അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: 31-08-2025

താഴെപ്പറയുന്ന സഹകരണ സംഘം/ ബാങ്കുകളിൽ ഒഴിവുള്ള തസ്തികകളിലേക്ക് തെരെഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**നിയമന രീതി:** നേരിട്ടുള്ള നിയമനം. പരീക്ഷാബോർഡ് നടത്തുന്ന ഓൺലൈൻ പരീക്ഷയുടെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ പരീക്ഷ ബോർഡ് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരം.

**നിയമന അധികാരി :** ബന്ധപ്പെട്ട സഹകരണ സംഘം / ബാങ്കുകൾ

**അപേക്ഷ സമർപ്പിക്കൽ:** ഒറ്റത്തവണ രെജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രെജിസ്ട്രേഷൻ പൂർത്തിയാക്കിയതിനു ശേഷവും, നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി പരീക്ഷ ബോർഡിൻറെ വെബ്സൈറ്റിലൂടെ (www.cseb.kerala.gov.in) അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## കാറ്റഗറി നമ്പർ: 14/2025 ( അസിസ്റ്റന്റ് സെക്രട്ടറി /ചീഫ് അക്കൗണ്ടന്റ് )

**വിദ്യാഭ്യാസ യോഗ്യത :**

R. 186(1)(ia) സഹകരണ നിയമത്തിന് വിധേയം. (i) എല്ലാ വിഷയങ്ങൾക്കും ചേർത്ത് 50% മാർക്കിൽ കുറയാതെ ലഭിച്ച ഒരു അംഗീകൃത സർവ്വകലാശാല ബിരുദവും: സഹകരണഹയർ ഡിപ്ലോമയും (കേരള സംസ്ഥാന സഹകരണ യൂണിയന്റെ എച്ച്.ഡി.സി അല്ലെങ്കിൽ എച്ച്.ഡി.സി & ബി.എം അല്ലെങ്കിൽ നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗിന്റെ (ഒരു വർഷത്തെ റെഗുലർ കോഴ്സ്) എച്ച്.ഡി.സി അല്ലെങ്കിൽ എച്ച്.ഡി.സി.എം) അല്ലെങ്കിൽ വിജയകരമായി പൂർത്തിയാക്കിയ സബോർഡിനേറ്റ് പേഴ്സണൽ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സ് (ജൂനിയർ ഡിപ്ലോമാ ഇൻ കോ-ഓപ്പറേഷൻ) അല്ലെങ്കിൽ കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ബി.എസ്.സി/എം.എസ്.സി (സഹകരണം & ബാങ്കിങ്ങ്) അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചതും സഹകരണം ഐച്ഛികമായിട്ടുളളതുമായ എല്ലാ വിഷയങ്ങൾക്കും 50% മാർക്കിൽ കുറയാത്ത ബി.കോം ബിരുദം

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | ഒഴിവുകളുടെ എണ്ണം & ശമ്പള സ്കെയിൽ |
|---|---|---|
| 1 | നെടുമ്പന സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം NO Q.117,<br>കൊല്ലം,Pin:691576<br>Phone:04742562047 | ചീഫ് അക്കൗണ്ടൻറ്- 1<br>(ജനറൽ)<br>Rs:25910 - 62500 (Scale of Pay) |
| 2 | കൊരട്ടി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം 590,<br>തൃശ്ശൂർ,Pin:680308<br>Phone:7356606644 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:29500 - 69250 (Scale of Pay) |
| 3 | ചിറ്റൂർ സർവീസ് കോ ഓപ്പറേറ്റിവ് ബാങ്ക് ക്ലിപ്തം 18,<br>പാലക്കാട്,Pin:678101<br>Phone:04923222382 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:29500 - 69250 (Scale of Pay) |
| 4 | പെരിന്തൽമണ്ണ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം P.534,<br>ഊട്ടി റോഡ് പെരിന്തൽമണ്ണ.പി.ഒ, മലപ്പുറം ,<br>മലപ്പുറം,Pin:679322<br>Phone:04933228291 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:29500 - 69250 (Scale of Pay) |

| | | |
|---|---|---|
| 5 | കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റാഫ് ക്രെഡിറ്റ് സഹകരണ സംഘംM-266,<br>മലപ്പുറം,Pin:673635<br>Phone:04942400353 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:19890 – 52480 (Scale of Pay) |
| 6 | പന്തീരാങ്കാവ് എസ് സി ബി2110,<br>കോഴിക്കോട്,Pin:673019<br>Phone:04952430284 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:28000 – 66470 (Scale of Pay) |
| 7 | കാലിക്കറ്റ് നോർത്ത് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നംLL 37,<br>കാലിക്കറ്റ് നോർത്ത് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം ,<br>കോഴിക്കോട്,Pin:673010<br>Phone:04952375911 | ചീഫ് അക്കൗണ്ടൻറ്- 1<br>(ജനറൽ)<br>Rs:29500 – 69250 (Scale of Pay) |
| 8 | തരിയോട് സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം നമ്പർF 967,<br>വയനാട്,Pin:673122<br>Phone:04936250436 | ചീഫ് അക്കൗണ്ടൻറ്- 1<br>(ജനറൽ)<br>Rs:28000 – 66470 (Scale of Pay) |
| 9 | മാടായി സഹകരണ റൂറൽ ബേങ്ക് ക്ലിപ്തം നംNo. F 1233,<br>കണ്ണൂർ,Pin:670303<br>Phone:04972876835 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:29500 – 69250 (Scale of Pay) |
| 10 | പയ്യന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നംF.1401,<br>പയ്യന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നം ,<br>കണ്ണൂർ,Pin:670307<br>Phone:04985202080 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:29500 – 69250 (Scale of Pay) |
| 11 | ഇരിണാവ് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എൽ എൽ 116LL116,<br>കണ്ണൂർ,Pin:670301<br>Phone:04972866637 | അസിസ്റ്റൻറ് സെക്രട്ടറി- 1<br>(ജനറൽ)<br>Rs:28000 – 66470 (Scale of Pay) |
| 12 | കാസർകോട് സർവീസ് സഹകരണ ബാങ്ക്C. 862,<br>കാസർഗോഡ്,Pin:671321<br>Phone:9495894258 | ചീഫ് അക്കൗണ്ടൻറ്- 1<br>(ജനറൽ)<br>Rs:29500 – 69250 (Scale of Pay) |

1. പ്രായപരിധി 1/1/2025 ൽ 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 40 (നാൽപ്പത്) വയസ്സ് കഴിയാൻ പാടില്ലാത്തതുമാകുന്നു. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഉയർന്ന പ്രായപരിധിയിൽ അഞ്ചുവർഷത്തെ ഇളവ് അനുവദിക്കുന്നതാണ്. മറ്റു പിന്നോക്കവിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും വിമുക്ത ഭടന്മാർക്കും പൊതുവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന വിഭാഗങ്ങൾക്കും (EWS) മൂന്നു വർഷത്തെ ഇളവും, ഭിന്നശേഷിക്കാർക്ക് (40% ശതമാനമോ അതിൽ കൂടുതലോ ഉള്ളവർക്ക് ) പത്ത് വർഷത്തെ ഇളവും, വിധവകൾക്ക് അഞ്ച് വർഷത്തെ ഇളവും ലഭിക്കുന്നതാണ്.
2. സഹകരണ സർവീസ് പരീക്ഷാ ബോർഡ് നടത്തുന്ന പരീക്ഷയിൽ 1 മാർക്കിന്റെ 100 ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു സംഘം / ബാങ്കിന്റെ യോഗ്യത ലിസ്റ്റിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥിയ്ക്ക് അഭിമുഖത്തിന് പരമാവധി 20 മാർക്കാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതിൽ അഭിമുഖത്തിന് ഹാജരായാൽ മിനിമം 4 മാർക്ക് ലഭിക്കുന്നതാണ് . ബാക്കി 16 മാർക്ക് അഭിമുഖത്തിന്റെ പ്രകടനത്തിനുമാണ്.
3. ഉദ്യോഗാർത്ഥികൾ പരീക്ഷ ഫീസിനോടൊപ്പം സർക്കാരിന്റെ 13/08/2024 ലെ സ.ഉ.(കൈ).നം.17/2024/സഹ ഉത്തരവ് പ്രകാരമുള്ള 18% GST കൂടി അടക്കേണ്ടതാണ്.

4 ഉദ്യോഗാർത്ഥികൾക്ക് ഒന്നിൽ കൂടുതൽ സംഘം / ബാങ്കുകളിലേക്ക് അപേക്ഷിക്കാവുന്നതാണ്. പൊതു വിഭാഗക്കാർക്കും , വയസ്സ് ഇളവ് ലഭിക്കുന്നവർ ഉൾപ്പടെ ഉള്ളവർക്കും ( സഹകരണ ചട്ടം 183(1) പ്രകാരം ഒരു സംഘം / ബാങ്കിന് 150 രൂപയും , തുടർന്നുള്ള ഓരോ സംഘം /ബാങ്കിനും 50 രൂപ വീതവും അധികമായി പരീക്ഷാ ഫീസായി അടയ്ക്കണം. പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിന് അപേക്ഷയിലെ സംഘം / ബാങ്കിന് 50 രൂപയും തുടർന്നുള്ള ഓരോ സംഘം / ബാങ്കിനും 50 രൂപ വീതവും അധികമായി പരീക്ഷാ ഫീസായി അടയ്ക്കണം.ഉദ്യോഗാർത്ഥികൾ സഹകരണ സർവീസ് പരീക്ഷ ബോർഡിൻറെ വെബ്സൈറ്റ് (www.keralacseb.kerala.gov.in) പരിശോധിച്ച് വിജ്ഞാപനം വായിച്ചുനോക്കിയതിനു ശേഷം ഓൺലൈൻ അപേക്ഷ സമർപ്പിക്കുക. തപാൽ മുഖേന അയക്കുന്ന അപേക്ഷ സ്വീകരിക്കുന്നതല്ല.

5 ഉദ്യോഗാർത്ഥികൾ ഓൺലൈൻ ആയി വിജ്ഞാപനപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചു കഴിഞ്ഞാൽ My Application ൽ നിന്നും അപേക്ഷ Print എടുത്തു സൂക്ഷിക്കേണ്ടതാണ്.

6 അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതിയ്ക്കു മുൻപായി നിശ്ചിത വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളവർ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

7 അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി: 31-08-2025

സഹകരണ സർവീസ് പരീക്ഷാ ബോർഡിനു വേണ്ടി ,

ഷീജ കെ

സെക്രട്ടറി

സഹകരണ സർവീസ് പരീക്ഷാ ബോർഡ്

തിരുവനന്തപുരം

സ്ഥലം : തിരുവനന്തപുരം

തീയതി : **01-08-2025**